പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 383 11.12.2012 ൽ മറുപടിയ്ക്ക്

ഇലക്ട്രിക് മീറ്ററുകൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. പി.കെ. ഗുരുദാസൻ | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ഇലക്ട്രിസിറ്റി ഉപഭോക്താക്കൾക്ക് വേണ്ടി കെ.എസ്.ഇ.ബി. സ്ഥാപിച്ച ഇലക്ട്രിക് മീറ്ററുകൾ മൊത്തം എത്രയാണ്;<br>(ബി) ഇതിൽ കേടായതായി കണക്കാക്കപ്പെട്ടിരിക്കുന്നവ എത്രയാണ്; പ്രതിവർഷം കേടാവാൻ സാദ്ധ്യതയുള്ളതായി കരുതുന്ന ശരാശരി മീറ്ററുകൾ എത്രയാണ്; | (എ) & (ബി) സംസ്ഥാനത്ത് 106.6 ലക്ഷം എൽ.റ്റി. മീറ്ററുകളും 3816 എച്ച്.റ്റി./ഇ.എച്ച്.റ്റി വൈദ്യുതി മീറ്ററുകളും സ്ഥാപിച്ചിട്ടുണ്ട്. ഇതിൽ 5.29 ലക്ഷം എൽ.റ്റി. മീറ്ററുകളും 77 എച്ച്.റ്റി/ഇ.എച്ച്.റ്റി മീറ്ററുകളും കേടായതായിട്ടുണ്ട്. പ്രതിവർഷം ശരാശരി 6.46 ലക്ഷം എൽ.റ്റി. മീറ്ററുകൾ കേടാകുന്നതായി കണക്കാക്കിയിട്ടുണ്ട്. |
| (സി) ബോർഡിലേക്ക് ആവശ്യമായ മീറ്ററുകൾ വാങ്ങുന്നത് സംബന്ധിച്ച നടപടിക്രമങ്ങൾ വിശദമാക്കാമോ; | (സി) കെ.എസ്.ഇ. ബോർഡിന്റെ പർച്ചേസ് പ്ലാൻ അനുസരിച്ച് ആവശ്യമായ മീറ്ററുകൾ വാങ്ങുന്നതിനുവേണ്ടി ദ്വിമുഖ ദർഘാസുകൾ ക്ഷണിക്കുന്നു. ഇവയോടൊപ്പം ലഭിക്കുന്ന സാംബിൾ മീറ്ററുകൾ ബോർഡിന്റെ മീറ്റർ ടെസ്റ്റിംഗ് ലാബിൽ പരിശോധിച്ചതിനു ശേഷം പ്രസ്തുത കമ്പനികൾ സമർപ്പിച്ചിട്ടുള്ള പ്രീ ക്വാളിഫിക്കേഷൻ ദർഘാസുകൾ പരിശോധിക്കുകയും അതിനുശേഷം പി.ക്യൂ. കമ്മിറ്റി തീരുമാനത്തിന് വിടുകയും ചെയ്യുന്നു. പി.ക്യൂ. കമ്മിറ്റി തീരുമാനപ്രകാരം യോഗ്യരായ കമ്പനികളെ പ്രീ ക്വാളിഫൈ ചെയ്തതിനുശേഷം പ്രസ്തുത കമ്പനികളുടെ മാത്രം price bid (ഇക |

| | | | |
|---|---|---|---|
| | | | രേഖപ്പെടുത്തിയ പത്രിക) തുറക്കുകയും അതിൽ ഏറ്റവും കുറഞ്ഞ തുക രേഖപ്പെടുത്തിയിട്ടുള്ള കമ്പനിയുമായി വീണ്ടും ഏറ്റവും കുറഞ്ഞ തുക അറിയിക്കുന്നതിനായുള്ള എഴുത്തുകുത്തുകൾ നടത്തി അതിൻപ്രകാരം കുറഞ്ഞ തുകയിൽ പർച്ചേസ് ഓർഡർ നൽകുന്നു. |
| (ഡി) | സംസ്ഥാനത്ത് പൊതുമേഖലയിൽ ഉല്പാദിപ്പിക്കുന്ന മീറ്ററുകൾ ബോർഡ് നേരിട്ട് വാങ്ങാറുണ്ടോ; ബോർഡിന്റെ ഇപ്പോഴത്തെ ആവശ്യത്തിനനുസരിച്ചുള്ള മീറ്ററുകൾ പ്രസ്തുത കമ്പനിയിൽ നിന്ന് തന്നെ വാങ്ങാൻ കഴിയുമോ; | (ഡി) | ഇപ്പോൾ ബോർഡ് പൊതുമേഖലയിൽ നിന്നും നേരിട്ട് മീറ്ററുകൾ വാങ്ങുന്നില്ല. ബോർഡിന്റെ ആവശ്യത്തിനനുസരിച്ചുള്ള മീറ്ററുകൾ പൊതു ദർഘാസ് മുഖേനയാണ് വാങ്ങുന്നത്. |
| (ഇ) | ഇപ്പോഴത്തെ സ്ഥിതിയിൽ ബോർഡ് പുതിതായി വാങ്ങാൻ ഉദ്ദേശിക്കുന്ന ഇലക്ട്രിക് മീറ്ററുകൾ എത്രയാണ്? | (ഇ) | 12 ലക്ഷം സിംഗിൾ ഫേസ് എൽ.സി..ഡി. മീറ്ററുകൾ, റ്റി.ഒ.ഡി സംവിധാന ഉള്ളവ വാങ്ങുന്നതിനായുള്ള ദർഘാസ് 23.11.2012 ൽ ക്ഷണിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ.**